സർക്കാർ ആശുപത്രികളിൽ പേയിംഗ് കൗണ്ടർ

20 (*166)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രിയിൽ രോഗികൾക്ക് മരുന്നുകൾ മിതമായവിലയ്ക്ക് ലഭിക്കുന്നതിന് പേയിംഗ് കൗണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) പേയിംഗ് കൗണ്ടർ സംവിധാനം നടത്തുന്നതിന് സർക്കാർ എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ്;

(സി) സർക്കാർ ആശുപത്രികളിൽ പേയിംഗ് കൗണ്ടറിന് 'ഡി' ഫാറം ഉപയോഗിച്ച് മരുന്ന് കമ്പനികളിൽനിന്നും മരുന്ന് വാങ്ങുന്നതിന് അനുമതി നൽകാൻ കഴിയുമോ; ഇതിനായി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പേയിംഗ് കൗണ്ടറുകളിലെ ആഡിറ്റിംഗിന് ഇന്ന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് പരിഹാരമാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ജനറൽ ആശുപത്രി തിരുവനന്തപുരം, താലൂക്കാശുപത്രി ചിറയിൻകീഴ്, നെടുമങ്ങാട്, ഗവൺമെന്റാശുപത്രി എറണാകുളം, മുളന്തുരുത്തി, താലൂക്കാശുപത്രി, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, നോർത്ത് പറവൂർ, ചാലക്കുടി താലൂക്കാശുപത്രി, കൊടുങ്ങല്ലൂർ താലൂക്കാശുപത്രി, ഇരിങ്ങാലക്കുട താലൂക്കാശുപത്രി, ചാവക്കാട് താലൂക്കാശുപത്രി, ജനറൽ ആശുപത്രി, ചേർപ്പ് ഗവൺമെന്റ് ആശുപത്രി, മാനന്തവാടി, കണ്ണൂർ ജില്ലാ ആശുപത്രി, മലപ്പുറം ജില്ലാ ആശുപത്രി എന്നീ ആശുപത്രികളിലും തിരുവനന്തപുരം, ആലുപ്പുഴ, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും പേയിംഗ് കൗണ്ടർ/ന്യായവില മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ സർക്കാരാശുപത്രികളോടനുബന്ധിച്ച് സഹകരണ ബാങ്കുകളും, അർദ്ധസർക്കാർ സ്ഥാപനങ്ങളും പേയിംഗ് ഫാർമസി, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ, സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നീതിമെഡിക്കൽ സ്റ്റോറുകൾ എന്നിവയും ജനതാ ഫാർമസി, ധന്വന്തരി മെഡിക്കൽസ് എന്നിങ്ങനെ വിവിധ പേരുകളിൽ മെഡിക്കൽ സ്റ്റോറുകളും നടത്തുന്നുണ്ട്.

(ബി) രോഗികൾക്ക് ന്യായമായ നിരക്കിൽ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുക, ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുക, ആശുപത്രിയുടെ ഫാർമസി വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുക എന്നീ വ്യവസ്ഥകൾ പാലിച്ചാണ് പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിനായി ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ട്.

(സി) ഇപ്പോൾ നിലവിലുള്ള സംവിധാനം അനുസരിച്ച് മരുന്നുകൾ കമ്പനിയിൽനിന്നും നേരിട്ട് വാങ്ങുമ്പോൾ ഡി-ഫാറം ഉപയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചില സാഹചര്യങ്ങളിൽ വിതരണക്കാരിൽനിന്നും വാങ്ങുമ്പോൾ സെക്കന്റ് പർച്ചേസ് ആയതിനാൽ ഡി-ഫാറം ഉപയോഗിക്കുവാൻ കഴിയില്ല.

(ഡി) നിലവിലുള്ള സംവിധാനം അനുസരിച്ച് പേയിംഗ് കൗണ്ടറുക ളുടെ അക്കൗണ്ടുകൾ എ.ജി. വർഷംതോറും ഓഡിറ്റ് ചെയ്യാറുണ്ട്. ഈ സംവി ധാനം സ്വീകാര്യമായാണ് കാണുന്നത്. ആയതിനാൽ ഇതിൽ മാറ്റംവരുത്തു വാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

വിനോദസഞ്ചാര വികസനത്തിന് പദ്ധതികൾ

21 (*167)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസന പദ്ധതികളുടെ കാര്യത്തിൽ തീരു മാനമെടുക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായി കമ്മിറ്റി രൂപവൽക്കരിക്കാൻ കേന്ദ്ര ഗവൺമെന്റിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് നിർദ്ദേശം ലഭിച്ചി ട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഇക്കോ-ടൂറിസം സംബന്ധിച്ച നയത്തിന് രൂപംനൽകിയി ട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) കായൽ പട്ടണങ്ങളുടെ ടൂറിസം പദ്ധതികൾക്ക് ലോകബാങ്ക് അനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള ടൂറിസം വികസന പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗ മായി ഇക്കോ-ടൂറിസം ഡയറക്ടറുടെ കീഴിൽ കൊല്ലം, പത്തനംതിട്ട ജില്ലക ളിലെ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തെന്മല കേന്ദ്രീകരിച്ച് ഒരു ഇക്കോ-ടൂറിസം വികസന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വനം, ജലസേചനം, ടൂറിസം എന്നീ വകുപ്പുകൾ സഹകരിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങ ളാണ് വിഭാവനം ചെയ്തിരിക്കുന്നത്. വനസമ്പത്ത് സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly